**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 135** **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. യിലെ ശമ്പളവും പെൻഷനും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും എല്ലാ മാസവും ആദ്യ ആഴ്ചയിൽ തന്നെ ശമ്പളം/പെൻഷൻ നൽകാൻ കഴിയുന്നുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ജീവനക്കാർക്കും, പെൻഷൻകാർക്കും എല്ലാ മാസവും ആദ്യ ആഴ്ചയിൽ തന്നെ ശമ്പളം / പെൻഷൻ നൽകാൻ കഴിയാറില്ല. എന്നാൽ ആയത് താമസംവിനാ കൃത്യസമയത്ത് കൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് വരുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് തന്നെ ശമ്പളം നൽകുമെന്ന സർക്കാരിന്റെ ഉറപ്പ് പാലിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ജീവനക്കാരുടെ 2023 ഫെബ്രുവരി മാസം മുതലുള്ള ശമ്പളം രണ്ട് ഗഡുക്കളായാണ് വിതരണം ചെയ്ത് വന്നിരുന്നത്. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ, 20/06/2024-ൽ ചേർന്ന യോഗത്തിൽ എല്ലാ മാസവും ഒറ്റത്തവണയായി കൃത്യമായി ശമ്പളം നൽകാനുള്ള സംവിധാനം കെ.എസ്.ആർ.ടി.സി. ക്രമീകരിക്കേണ്ടതാണെന്ന തീരുമാനം കൈക്കൊണ്ടിരുന്നു. നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 50 കോടി രൂപ ഓവർഡ്രാഫ്റ്റ് വായ്പയും, സർക്കാർ ധനസഹായവും വിനിയോഗിച്ചും മറ്റ് അവശ്യചെലവുകൾ (ഡീസൽ, സ്പെയർ പാർട്സ് തുടങ്ങിയവ) മാറ്റിവെച്ച് ഫണ്ട് സമാഹരിച്ചുമാണ് ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി വിതരണം ചെയ്തുവരുന്നത്. ആയത് സ്വരൂപിക്കുന്നതിനുണ്ടാകുന്ന കാലതാമസംകൊണ്ട് മാത്രമാണ് ശമ്പളം ആദ്യ ആഴ്ചയിൽ തന്നെ വിതരണം ചെയ്യാൻ സാധിക്കാതെ പോകുന്നത്. 2024 സെപ്റ്റംബർ മാസം മുതൽ (2024 ആഗസ്റ്റ് മാസത്തെ ശമ്പളം) ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി കുടിശ്ശികയൊന്നുമില്ലാതെ പൂർണ്ണമായി വിതരണം ചെയ്ത് വരികയാണ്. |

| | | | |
|---|---|---|---|
| | | | കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ തുക കണ്ടെത്തുവാൻ കോർപ്പറേഷന് കഴിയാത്ത സാഹചര്യമാണ് ഉണ്ടായിരുന്നത്. തന്മൂലം പെൻഷൻ മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ബഹു. മുഖ്യമന്ത്രി മുൻകൈയെടുത്ത് 2018 ഫെബ്രുവരി മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘം മുഖേന പെൻഷൻ വിതരണം ചെയ്യുന്നതിന് കൺസോർഷ്യം രൂപീകരിക്കുകയും ഓരോ വർഷവും കരാർ പുതുക്കിക്കൊണ്ട് പ്രസ്തുത സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്തുവരികയുമാണ്. നിലവിൽ 2024 ഡിസംബർ മാസം മുതൽ ഒരു വർഷക്കാലത്തേക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരും, കെ.എസ്.ആർ.ടി.സി.യും കേരള ബാങ്കുമായി ചേർന്ന് ത്രികക്ഷി കരാർ ഒപ്പുവെച്ചിട്ടുണ്ട്. ആയതിൻപ്രകാരം 2025 നവംബർ വരെയുള്ള പെൻഷൻ വിതരണം ചെയ്യാൻ കഴിയുന്നതാണ്. |
| (സി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും എല്ലാ മാസവും അഞ്ചാം തീയതിക്ക് മുൻപ് തന്നെ ശമ്പളം/പെൻഷൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ജീവനക്കാരുടെ 2023 ഫെബ്രുവരി മാസം മുതലുള്ള ശമ്പളം രണ്ട് ഗഡുക്കളായാണ് വിതരണം ചെയ്ത് വന്നിരുന്നത്. ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ, 20/06/2024-ൽ ചേർന്ന യോഗത്തിൽ എല്ലാ മാസവും ഒറ്റത്തവണയായി കൃത്യമായി ശമ്പളം നൽകാനുള്ള സംവിധാനം കെ.എസ്.ആർ.ടി.സി. ക്രമീകരിക്കേണ്ടതാണെന്ന തീരുമാനം കൈക്കൊണ്ടിരുന്നു. നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നും 50 കോടി രൂപ ഓവർഡ്രാഫ്റ്റ് വായ്പയും, സർക്കാർ ധനസഹായവും വിനിയോഗിച്ചും മറ്റ് അവശ്യചെലവുകൾ (ഡീസൽ, സ്പെയർ പാർട്സ് തുടങ്ങിയവ) മാറ്റിവെച്ച് ഫണ്ട് സമാഹരിച്ചുമാണ് ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി വിതരണം ചെയ്തുവരുന്നത്. ആയത് സ്വരൂപിക്കുന്നതിനുണ്ടാകുന്ന കാലതാമസംകൊണ്ട് മാത്രമാണ് ശമ്പളം ആദ്യ ആഴ്ചയിൽ തന്നെ വിതരണം ചെയ്യാൻ സാധിക്കാതെ പോകുന്നത്. 2024 സെപ്റ്റംബർ മാസം മുതൽ (2024 ആഗസ്റ്റ് മാസത്തെ ശമ്പളം) ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി കുടിശ്ശികയൊന്നുമില്ലാതെ പൂർണ്ണമായി വിതരണം ചെയ്ത് വരികയാണ്.<br><br>കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ട് ഉപയോഗിച്ച് പെൻഷൻ തുക കണ്ടെത്തുവാൻ കോർപ്പറേഷന് കഴിയാത്ത സാഹചര്യമാണ് ഉണ്ടായിരുന്നത്. തന്മൂലം പെൻഷൻ മുടങ്ങുന്ന |

| | | | |
|---|---|---|---|
| | | | സാഹചര്യം ഒഴിവാക്കുന്നതിനായി ബഹു. മുഖ്യമന്ത്രി മുൻകൈയ്യെടുത്ത് 2018 ഫെബ്രുവരി മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘം മുഖേന പെൻഷൻ വിതരണം ചെയ്യുന്നതിന് കൺസോർഷ്യം രൂപീകരിക്കുകയും ഓരോ വർഷവും കരാർ പുതുക്കിക്കൊണ്ട് പ്രസ്തുത സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്തുവരികയുമാണ്. നിലവിൽ 2024 ഡിസംബർ മാസം മുതൽ ഒരു വർഷക്കാലത്തേക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരും, കെ.എസ്.ആർ.ടി.സി.യും കേരള ബാങ്കുമായി ചേർന്ന് ത്രികക്ഷി കരാർ ഒപ്പുവെച്ചിട്ടുണ്ട്. ആയതിൻപ്രകാരം 2025 നവംബർ വരെയുള്ള പെൻഷൻ വിതരണം ചെയ്യാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ